# Sree Sankaracharya University of Sanskrit, Kalady

**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**OFFICE OF THE PUBLIC RELATIONS**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9447123075, E-mail: pro@ssus.ac.in, Website: www.ssus.ac.in**


**തീയതി : 10.08.2026**

**പ്രസിദ്ധീകരണത്തിന്**

## 1. സംസ്കൃത സർവകലാശാലയിൽ സ്റ്റുഡന്റ് കൗൺസിലർ; അവസാന തീയതി ഓഗസ്റ്റ് 17

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ സ്റ്റുഡന്റ് കൗൺസിലറുടെ ഒഴിവിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. അംഗീകൃത സർവ്വകലാശാലയിൽ നിന്നും സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. കൗൺ സിലിംഗിൽ രണ്ട് വർഷത്തെ പ്രവൃത്തി പരിചയം അഭികാമ്യമാണ്. നിയമനം കരാർ അടിസ്ഥാനത്തിലായിരിക്കും. പ്രതിമാസ വേതനം 25,000/-. പ്രായപരിധി : സർക്കാർ നിയമപ്രകാരം. നിയമാനുസൃതമായ വയസ് ഇളവുകൾ ബാധകമായിരിക്കും. ഓൺലൈനായി അപേക്ഷിക്കണം. അപേക്ഷ ഫീസ് : ജനറൽ വിഭാഗത്തിന് 200/- ; എസ്. സി / എസ്. ടി. / പി. എച്ച്. വിഭാഗങ്ങൾക്ക് 100/-. ഓൺലൈനായി അപേക്ഷിക്കേണ്ട അവസാന തീയതി ഓഗസ്റ്റ് 17. ഓൺലൈൻ അപേക്ഷയുടെ പകർപ്പ്, വയസ്, ജാതി, വിദ്യാഭ്യാസ യോഗ്യതകൾ എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പ് എന്നിവ രജിസ്ട്രാർ, ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി പി. ഒ., എറണാകുളം - 683 574 എന്ന വിലാസത്തിൽ ഓഗസ്റ്റ് 20 ന് മുമ്പ് ലഭിക്കണം. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in സന്ദർശിക്കുക.

## 2. സംസ്കൃത സർവകലാശാലയിൽ ഇന്റഗ്രേറ്റഡ് ബി. എ. ബി. എഡ് : ക്ലാസുകൾ ആരംഭിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ഈ അധ്യയന വർഷം മുതൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ബി. എ. ബി. എഡ് കോഴ്സിന്റെ ക്ലാസുകൾ തുടങ്ങി. ക്ലാസുകളുടെ ഔദ്യോഗിക ഉദ്ഘാടനം രജിസ്ട്രാർ പ്രൊഫ. ടി. എസ്. ലാൻസ്‌ലെറ്റ് നിർവ്വഹിച്ചു. നാഷണൽ കൗൺസിൽ ഫോർ ടീച്ചർ എഡ്യൂക്കേഷന്റെ

(എൻ. സി. ടി. ഇ.) അംഗീകാരത്തോടെ ആരംഭിച്ചിരിക്കുന്ന ഇന്റഗ്രേറ്റഡ് ടീച്ചർ എഡ്യൂക്കേഷൻ പ്രോഗ്രാമിൽ ആകെ അമ്പത് സീറ്റുകളാണുള്ളത്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഹിസ്റ്ററി, സംസ്കൃതം ജനറൽ, സംസ്കൃതം ന്യായം, സംസ്കൃതം സാഹിത്യം, സംസ്കൃതം വേദാന്തം, സംസ്കൃതം വ്യാകരണം എന്നീ വിഷയങ്ങളിലാണ് പ്രോഗ്രാമുകൾ നടത്തുന്നത്. ദേശീയ പൊതു പ്രവേശന പരീക്ഷ (എൻ. സി. ഇ. ടി.) സ്കോറിന്റെ അടിസ്ഥാനത്തിൽ പ്രവേശനം ലഭിച്ചവരാണ് ബി. എ. ബി. എഡ്. കോഴ്സിലെ വിദ്യാർത്ഥികൾ.

സർവ്വകലാശാലയുടെ കാലടി മുഖ്യ കാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിൽ നടന്ന ചടങ്ങിൽ പ്രൊഫ. അബ്ദുൾ നാസർ അധ്യക്ഷനായിരുന്നു. മലേഷ്യയിലെ വവാസൻ ഓപ്പൺ യൂണിവേഴ്സിറ്റിയുടെ മുൻ ഡെപ്യൂട്ടി വൈസ് ചാൻസലർ ഡോ. മോഹൻ ബി. മേനോൻ മുഖ്യ പ്രഭാഷണ നടത്തി. ഡോ. വി. കെ. ഭവാനി, ഡോ. കെ. എം. സംഗമേശൻ, ഡോ. സിജിമോൾ എസ്., ഡോ. ദിലീഷ് കെ., ഡോ. പി. ഇന്ദു എന്നിവർ പ്രസംഗിച്ചു.

**ഫോട്ടോ അടിക്കുറിപ്പ്** : ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യ കാമ്പസിൽ ഈ അധ്യയന വർഷം മുതൽ ആരംഭിക്കുന്ന ഇന്റഗ്രേറ്റഡ് ബി. എ. ബി. എഡ് കോഴ്സിന്റെ ഉദ്ഘാടനം രജിസ്ട്രാർ പ്രൊഫ. ടി. എസ്. ലാൻസ്ലെറ്റ് നിർവ്വഹിക്കുന്നു. ഡോ. കെ. എം. സംഗമേശൻ, ഡോ. മോഹൻ ബി. മേനോൻ, ഡോ. വി. കെ. ഭവാനി, പ്രൊഫ. അബ്ദുൾ നാസർ എന്നിവർ സമീപം.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075